# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4760 27/06/2014 ൽ മറുപടിയ്ക്ക്

## ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതി

ചോദ്യം
ശ്രീ. സാജുപോൾ

മറുപടി
ശ്രീ . കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ മൂന്ന് വീതം ആകെ മൂവായിരം ഗ്രീൻ ഹൗസുകൾ സ്ഥാപിക്കുവാൻ ആവിഷ്ക്കരിച്ച പദ്ധതി വിലയിരുത്തിയിട്ടുണ്ടോ;

എ) വിലയിരുത്തിയിട്ടുണ്ട്.

ബി) ഇതു വരെ പൂർത്തിയായ ഗ്രീൻ ഹൗസുകളുടെ ജില്ല തിരിച്ചുള്ള വിവരം നൽകുമോ;

ബി) ഹൈടെക് ഫാമിംഗ് 2012-13 പദ്ധതി പ്രകാരം ഇതുവരെ പൂർത്തിയായ പോളിഹൗസുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | പൂർത്തിയായ പോളിഹൗസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 7 |
| 2 | കൊല്ലം | 13 |
| 3 | പത്തനംതിട്ട | 5 |
| 4 | ആലപ്പുഴ | 8 |
| 5 | ഇടുക്കി | 21 |
| 6 | കോട്ടയം | 14 |
| 7 | എറണാകുളം | 36 |
| 8 | തൃശ്ശൂർ | 31 |
| 9 | പാലക്കാട് | 23 |
| 10 | മലപ്പുറം | 22 |
| 11 | കോഴിക്കോട് | 8 |
| 12 | വയനാട് | 24 |
| 13 | കണ്ണൂർ | 6 |
| 14 | കാസറഗോഡ് | 5 |
| | **ആകെ** | **223** |

സി) വിതരണം ചെയ്ത സബ്സിഡി തുക എത്രയാണ്;

സി) ഹൈടെക് കൃഷി 2012-13- പദ്ധതിയിൽ ഇതുവരെ 579,49,195/- രൂപയാണ് ധനസഹായമായി വിതരണം ചെയ്തത്.

ഡി) പ്രഖ്യാപിച്ച രീതിയിൽ പദ്ധതി നടപ്പാക്കിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

ഡി) മതിയായ അപേക്ഷകൾ ലഭിക്കാത്തതിനാലും, കൂടുതൽ മുതൽമുടക്ക് വേണ്ടി വരുന്നതിനാലും,

സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായതിനാലുമാണ് ഹൈടെക് ഫാമിംഗ് പദ്ധതി പ്രഖ്യാപിച്ച രീതിയിൽ ഉദ്ദേശിച്ച എണ്ണം പോളിഹൗസുകൾ സംസ്ഥാനത്ത് സ്ഥാപിക്കുവാൻ കഴിയാതിരുന്നത്. കൂടാതെ, ഹൈടെക് കൃഷി കേരളത്തിൽ ആദ്യമായി നടപ്പിലാക്കുന്നതിനാൽ പോളിഹൗസ് നിർമ്മാണത്തിൽ പ്രാഗത്ഭ്യമുള്ള ഏജൻസികളുടെ അപര്യാപ്തതയും 2012-13, 2013-14 വർഷങ്ങളിൽ അപ്രതീക്ഷിതമായി പെയ്ത കനത്ത മഴയും പദ്ധതി പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാകുവാൻ കാരണമായി. പോളിഹൗസുകളുടെ നിർമ്മാണം പൂർത്തിയായി വിള നട്ടതിന് ശേഷം മാത്രമേ ധനസഹായം വിതരണം ചെയ്യുന്നത്. ആകെ ലഭിച്ച 1545 അപേക്ഷകളിൽ 1125 അപേക്ഷകർ എഗ്രിമെന്റിൽ ഒപ്പിട്ടു. എന്നാൽ ഇതിൽ 400-ൽ താഴെ അപേക്ഷകർ മാത്രമാണ് പോളിഹൗസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിൽ 223 എണ്ണം നിർമ്മാണം പൂർത്തിയാക്കുകയും ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്.

| | |
|---|---|
| ഇ) ഗ്രീൻ ഹൗസിനായി ലഭിച്ച അപേക്ഷകൾ എത്രയാണ് ? | ഇ) പോളിഹൗസ് കൃഷിയ്ക്കായി ആകെ 1545 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ